ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.09.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   **President Droupadi Murmu and Prime Minister Narendra Modi metthe Crown Prince of Abu Dhabi, Sheikh Khaled bin Mohamed bin Zayed Al Nahyan, in New Delhi today.**

2. രാജ്യത്ത് എം പോക്സ് വൈറസ് ബാധ സ്ഥിരീകരിച്ചു. വിദേശത്തു നിന്നും മടങ്ങിയെത്തിയ രോഗിയുടെ ആരോഗ്യനില തൃപ്തികരം. രോഗവ്യാപനത്തിന് സാധ്യതയില്ലെന്ന് ആരോഗ്യമന്ത്രാലയം.

   **The Union Health Ministry has said that the presence of Mpox Clade 2 has been confirmed in an isolated patient, and the case has been verified as a travel-related infection. The patient remains clinically stable and there is no indication of any widespread risk to the public at this time.**

3. 54- മത് ജി.എസ്.ടി കൗൺസിൽ യോഗം ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്നു. മെഡിക്കൽ ഹെൽത്ത് ഇൻഷുറൻസിൻറെ ജി.എസ്.ടി കുറയ്ക്കുന്ന വിഷയം മന്ത്രിതല സമിതിക്ക് വിട്ടതായി ധനമന്ത്രി.

   **The 54th GST Council meeting was held in New Delhi today. Proposal on GST redemption for Medical Health insurance to be refferred to GoM, says Finance Minister Nirmal Sitaraman.**

4. സംസ്ഥാന സർക്കാർ നൽകുന്ന സൗജന്യ ഓണക്കിറ്റിന്റെ വിതരണോദ്ഘാടനം മന്ത്രി ജി.ആർ അനിൽ നിർവ്വഹിച്ചു.

സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരി വിതരണത്തിനും സംസ്ഥാനത്ത് തുടക്കം.

**Free Onam kit distribution by the state government started today in Kerala. 5 kg free rice for school students also started to distribute from today.**

5. ഗ്രാമീണ - നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ഓണം ഉത്സവബത്തയായി 1,000 രൂപവീതം നൽകുമെന്ന് സംസ്ഥാന സർക്കാർ.

**Kerala Government annouced festival allowance of Rs.1000 for the workers under rural and urban employment guarantee schemes.**

**&&&&&&&&&&&&&**

## UAE CROWN PRINCE VISIT

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ രാഷ്ട്രപതി ദ്രൗപദി മുർമുവുമായും, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ചരിത്രപരമായി അടുത്തബന്ധമാണ് ഇന്ത്യയ്ക്കും, യുഎഇയ്ക്കും ഇടയിലുള്ളതെന്നും, ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന അടുപ്പം ഇതിന് ശക്തിപകരുന്നതായും രാഷ്ട്രപതി ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ ശ്രീമതി മുർമു വ്യക്തമാക്കി. ഇന്ത്യ-യു.എ.ഇ ബന്ധം ശക്തിപ്പെടുത്തുന്നതിനും, തന്ത്രപരമായ പങ്കാളിത്തം വിശാലമാക്കുന്നതിനുമുള്ള സാധ്യതകളെക്കുറിച്ചാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള കൂടിക്കാഴ്ചയിൽ ചർച്ചയായത്. ബരാഖ് ആണവ നിലയത്തിൻറെ പ്രവർത്തനം സംബന്ധിച്ച ധാരണാപത്രം ഉൾപ്പെടെ അഞ്ച് കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. അബുദാബി നാഷണൽ ഓയിൽ കമ്പനിയും, ഇന്ത്യൻ ഓയിൽ കോർപ്പറേഷനും തമ്മിലുള്ള ദീർഘകാല എൽ.എൻ.ജി കൈമാറ്റ കരാറും ഇതിൽ ഉൾപ്പെടുന്നു. തുടർന്ന് രാജ്ഘട്ട് സന്ദർശിച്ച ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, മഹാത്മാ ഗാന്ധിയുടെ സ്മരണകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു. രാജ്ഘട്ടിൽ അദ്ദേഹം വൃക്ഷത്തൈയും നട്ടുപിടിപ്പിച്ചു.

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് അബുദാബി കിരീടാവകാശി ന്യൂഡൽഹിയിലെത്തിയത്. നാളെ മുംബൈയിൽ നടക്കുന്ന വ്യവസായ പ്രമുഖരുടെ ബിസിനസ് ഫോറത്തിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&

## MPOX VIRUS – CONFIRMED

രാജ്യത്ത് എം പോക്സ് വൈറസ് ബാധ സ്ഥിരീകരിച്ചു. വിദേശത്ത് നിന്ന് തിരിച്ചെത്തി രോഗലക്ഷണങ്ങളോടെ നിരീക്ഷണത്തിൽ കഴിയുന്ന യുവാവിലാണ് എം പോക്സ് രോഗബാധ സ്ഥിരീകരിച്ചതെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു. രോഗിയുടെ ആരോഗ്യനില തൃപ്തികരമാണെന്നും ജനങ്ങൾ പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്നും മന്ത്രാലയം വ്യക്തമാക്കി. എം പോക്സിന്റെ വെസ്റ്റ് ആഫ്രിക്കൻ - Clade 2 വിഭാഗത്തിൽ ഉൾപ്പെടുന്ന വൈറസ്, 2022 ജൂലൈയിൽ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്ത 20 കേസുകളിലെ വകഭേദത്തിന് സമാനമാണ്. WHO ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന് കാരണമായ വൈറസ് വകഭേദമല്ല ഇതെന്നും വൈറസ് വ്യാപാനത്തിനുള്ള യാതൊരു സാഹചര്യവും നിലവിൽ ഇല്ലെന്നും ആരോഗ്യമന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&

## CENTRE– MPOX ADVISORY (INTRO)

എംപോക്സ് ലക്ഷണങ്ങൾ കണ്ടെത്തുന്നവരിൽ പരിശോധനയും നിരീക്ഷണവും ശക്തമാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ആരോഗ്യമന്ത്രാലയം മാർഗ നിർദേശം നൽകി. പൊതുജന ആരോഗ്യ മേഖലയിലെ തയ്യാറെടുപ്പുകൾ വിലയിരുത്താനും ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കാനും മാർഗനിർദേശത്തിൽ പറയുന്നു. രാജ്യത്തെ

സ്ഥിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

**വിശദാംശങ്ങളിലേക്ക്.....**

(ഹോൾഡ്)

## CENTRE- MPOX ADVISORY (VOICE)

ലോകാരോഗ്യ സംഘടന എംപോക്സ് വ്യാപനം അന്താരാഷ്ട്ര ആരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ച സാഹചര്യത്തിലാണ് കേന്ദ്ര നടപടി. ജനങ്ങൾക്കിടയിൽ പരിഭ്രാന്തി പടരാതിരിക്കാൻ വൈറസിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനൊപ്പം സമയബന്ധിതമായ നിരീക്ഷണവും പ്രതിരോധ മാർഗങ്ങളും കൈക്കൊള്ളാനും നിർദേശം നൽകിയിട്ടുണ്ട്. മതിയായ ചികിത്സാ സംവിധാനങ്ങളും ഉറപ്പ് വരുത്തണം. സംസ്ഥാന - ജില്ലാ തലങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ ഇത് കൃത്യമായി നിരീക്ഷിക്കണമെന്നും നിർദേശമുണ്ട്. വൈറസ് ബാധ സ്ഥിരീകരിച്ചവർക്കും രോഗ ലക്ഷണങ്ങൾ ഉള്ളവർക്കും വെവ്വേറെ താമസിക്കാനുള്ള ഐസൊലേഷൻ സൗകര്യങ്ങൾ ആശുപത്രികളിൽ ഉണ്ടായിരിക്കണം. എല്ലാ ആരോഗ്യപ്രവർത്തകരും പ്രത്യേകിച്ച് ത്വക് രോഗ വിഭാഗം, ദേശീയ എയിഡ്സ് നിയന്ത്രണ സംഘടന തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ ഈ നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മന്ത്രാലയം നിർദ്ദേശിച്ചു. കേന്ദ്ര ആരോഗ്യ സെക്രട്ടറി അപൂർവ്വ ചന്ദ്രയാണ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&

## GST COUNCIL - MEETING

മെഡിക്കൽ ഹെൽത്ത് ഇൻഷുറൻസിൻറെ ജി.എസ്.ടി കുറയ്ക്കുന്ന വിഷയം മന്ത്രിതല സമിതിക്ക് വിട്ടതായി കേന്ദ്ര ധനമന്ത്രി നിർമല

സീതാരാമൻ. 54-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിന് ശേഷം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. സമിതി റിപ്പോർട്ട് അടുത്തമാസം സമർപ്പിക്കും. നവംബറിൽ നടക്കുന്ന ജി എസ് ടി കൗൺസിൽ യോഗം റിപ്പോർട്ട് പരിഗണിക്കുമെന്നും ശ്രീമതി സീതാരാമൻ അറിയിച്ചു. ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരിയും, സംസ്ഥാനങ്ങളിൽ നിന്നുള്ള ധനമന്ത്രിമാരും യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&

## GATI SHAKTI-VAISHNAW (INTRO)

ലോജിസ്റ്റിക്സ് മേഖലയിലെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി കര-വ്യോമ സേനകൾ, ഇന്ത്യൻ റെയിൽവേയ്ക്ക് കീഴിലുള്ള ഗതിശക്തി വിശ്വ വിദ്യാലയയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. പ്രതിരോധ മേഖലയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനും, ലോകോത്തരമായ ലോജിസ്റ്റിക് സംവിധാനം രൂപപ്പെടുത്തുന്നതിനുമുള്ള ചരിത്രപരമായ ധാരണപത്രമാണിതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&

## JAISHANKAR-GCC MEETING

റിയാദിൽ നടക്കുന്ന ഇന്ത്യ-ജിസിസി യോഗത്തിന്റെ ഭാഗമായി വിവിധ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ചർച്ചകൾ നടത്തി. സൗദി അറേബ്യ, കുവൈറ്റ്, ബഹ്റൈൻ, ഒമാൻ, ബ്രസീൽ എന്നീ രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ പ്രാദേശിക, ആഗോള വിഷയങ്ങൾ ചർച്ചയായി. ഗൾഫ് മേഖലയ്ക്കപ്പുറത്തുള്ള ഇന്ത്യയുടെ

ഇടപെടലുകൾ, റഷ്യ-യുക്രൈൻ സംഘർഷം തുടങ്ങിയ വിഷയങ്ങളും നേതാക്കൾ ചർച്ച ചെയ്തു.

&&&&&&&&&&&&&&

## GR ANIL

സംസ്ഥാന സർക്കാർ നൽകുന്ന സൗജന്യ ഓണക്കിറ്റിന്റെ വിതരണോദ്ഘാടനം മന്ത്രി ജി.ആർ അനിൽ നിർവ്വഹിച്ചു. വിലക്കയറ്റം തടയാൻ സർക്കാർ ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുന്നതെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു. ഓണത്തോട് അനുബന്ധിച്ച് സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരി വിതരണത്തിനും സംസ്ഥാനത്ത് തുടക്കമായി. മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം നിർവഹിച്ചു. നിയോജകമണ്ഡല തലത്തിലുള്ള സപ്ലൈകോയുടെ ഓണം ഫെയറുകൾ നാളെ മുതൽ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കും . ഓരോ നിയോജകമണ്ഡലത്തിലെയും ഒരു സൂപ്പർമാർക്കറ്റ് വീതമാണ് ഓണം ഫെയർ ആയി പ്രവർത്തിക്കുക. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി പി. പ്രസാദ് തിരുവനന്തപുരത്ത് നിർവഹിക്കും. ഈ മാസം 11 മുതൽ 14 വരെയാണ് കർഷക ചന്തകൾ പ്രവർത്തിക്കുക. ഓണക്കാലത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധനകൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു.

&&&&&&&&&&&&&&

## ONAM BENIFITS

ഓണത്തോട് അനുബന്ധിച്ച് ഗ്രാമീണ - നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ഓണം ഉത്സവബത്തയായി 1,000

രുപവീതം നൽകുമെന്ന് ധനവകുപ്പ് അറിയിച്ചു. ചെറുകിട കയർ സംഘം തൊഴിലാളികൾക്ക് ബോണസ് ഉറപ്പാക്കാൻ കയർ കോർപറേഷന് 10 കോടി രൂപ അനുവദിച്ചു. പൂട്ടികിടക്കുന്ന സ്വകാര്യ കയർ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യയായി 2,000 രൂപ നൽകും.

&&&&&&&&&&&&&

## DEFENCE-HAL

സുഖോയ്-30 MKI വിമാനങ്ങൾക്കായുള്ള എയ്റോ എൻജിനുകൾ നിർമ്മിക്കുന്നതിന് ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡുമായി കേന്ദ്ര പ്രതിരോധ മന്ത്രാലയം കരാറിൽ ഒപ്പുവച്ചു. 26,000 കോടി രൂപ ചെലവിലാണ് എയ്റോ എൻജിനുകൾ നിർമ്മിക്കുക. സുഖോയ് വിമാനങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായാണിത്. കരാർ പ്രകാരം ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് പ്രതിവർഷം 30 എയറോ എഞ്ചിനുകൾ വിതരണം ചെയ്യും.

&&&&&&&&&&&&&

## NAVY - WATER CRAFT

നാവികസേനയ്ക്കായി കൊച്ചി കപ്പൽ ശാല നിർമ്മിച്ച രണ്ട് അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പലുകളുടെ നീറ്റിലിറക്കൽ ചടങ്ങ് ഇന്ന് കൊച്ചി കപ്പൽശാലയിൽ നടന്നു. ദക്ഷിണ മേഖല നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ വി ശ്രീനിവാസ് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ, അദ്ദേഹത്തിൻറെ പത്നി വിജയ ശ്രീനിവാസ് കപ്പലുകൾ നീറ്റിൽ ഇറക്കി. നാവികസേനയ്ക്കായി കൊച്ചി കപ്പൽശാല നിർമ്മിക്കുന്ന 8 യാനങ്ങളിൽ നാലാമത്തെയും അഞ്ചാമത്തെയും ഷാലോ വാട്ടർ ക്രാഫ്റ്റുകളാണ് ഇന്ന് നീറ്റിൽ ഇറക്കിയത്. നാവികസേനയിലേക്ക് കമ്മീഷൻ ചെയ്യുന്നതോടെ ഇവ ഐ എൻ എസ് മാൽപേ, ഐ എൻ എസ് മുൽക്കി എന്നിങ്ങനെ അറിയപ്പെടും.

&&&&&&&&&&&&&

## RG KAR HEARING

കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളെജ് ആശുപത്രിയിൽ വനിതാ ഡോക്ടറെ ക്രൂരമായി കൊലപ്പെടുത്തിയ കേസിലെ പുതിയ അന്വേഷണ റിപ്പോർട്ട് ഈ മാസം 17 ന് മുൻപ് സമർപ്പിക്കാൻ സി ബി ഐയ്ക്ക് സുപ്രീംകോടതി നിർദേശം. മുദ്രവെച്ച കവറിൽ സി ബി ഐ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബഞ്ച് പരിശോധിച്ചു. ഈ മാസം 17 ന് കേസ് വീണ്ടും പരിഗണിക്കുമ്പോൾ പുതിയ റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദേശം.

&&&&&&&&&&&&&

## AAP- HARYANA LIST

ഹരിയാന നിയമസഭ തിരഞ്ഞെടുപ്പിനുള്ള ആം ആദ്മി പാർട്ടിയുടെ ആദ്യ സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. 20 സ്ഥാനാർത്ഥികളുടെ പട്ടികയാണ് പുറത്തിറക്കിയത്.

&&&&&&&&&&&&&

## INDIA-AMERICAN EXERCISE

ഇന്ത്യ - യു എസ് സംയുക്ത സൈനിക അഭ്യാസത്തിന് രാജസ്ഥാനിൽ തുടക്കം. ബിക്കാനീറിലെ മഹാജൻ ഫീൽഡ് ഫയറിംഗ് റെയ്ഞ്ചിൽ നടക്കുന്ന 15 ദിവസത്തെ സൈനിക അഭ്യാസത്തിൽ കരസേനയുടെ സൗത്ത് വെസ്റ്റേൺ കമാൻഡിലെ 1,200 സൈനികരും യു എസ് സൈനികരും പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&

## CBI- ARREST

കൈക്കൂലി കേസിൽ ഡൽഹി മലിനീകരണ നിയന്ത്രണ സമിതിയിലെ എഞ്ചിനീയറെയും ഇടനിലക്കാരനെയും ഉൾപ്പെടെ

രണ്ടുപേരെ സിബിഐ അറസ്റ്റ് ചെയ്തു. 91,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടെയാണ് ഇരുവരും പിടിയിലായത്. പരിശോധനയിൽ എൻജിനീയറുടെ വസതിയിൽ നിന്ന് 2.39 കോടി രൂപ കണ്ടെത്തിയതായി സിബിഐ അറിയിച്ചു.

&&&&&&&&&&&&&

## BUDDHIST MEDIA CONCLAVE

അന്താരാഷ്ട്ര ബുദ്ധമത മാധ്യമ കോൺക്ലേവിന്റെ രണ്ടാം പതിപ്പിന് ബുധനാഴ്ച ന്യൂഡൽഹിയിൽ തുടക്കമാകും. ആഗോള പ്രതിസന്ധികൾ നേരിടുന്നതിന് ബുദ്ധമത ആശയങ്ങൾ ഉപയോഗപ്പെടുത്തുക എന്നതാണ് കോൺക്ലേവിന്റെ ലക്ഷ്യം. 18 രാജ്യങ്ങളിലെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&
&&&